(ബി) കഴിഞ്ഞ നാലു വർഷങ്ങളായി ഇവിടെ ആകെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു എന്നു വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽ ഇവിടെ എന്തൊക്കെ പദ്ധതികൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ട വികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000 ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഏകദേശം 10,000 ത്തിൽപരം തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇൻഫോപാർക്കിൽ ഒന്നാം ഘട്ടം, L&T Tech Park Ltd., TCS, Brigade Enterprises എന്നീ കോ-ഡെവലപ്പേഴ്സ്/ഐ.ടി. കമ്പനികൾ നിർമ്മിക്കുന്ന ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് കൂടാതെ ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടം മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുകയും ആദ്യ ഐ.ടി. ബിൽഡിംഗിന്റെ (2 ലക്ഷം ചതുരശ്ര അടി) നിർമ്മാണം ആരംഭിക്കാവുന്നതുമാണെന്ന് കരുതുന്നു.

കൊച്ചി ഇൻഫോ പാർക്കിൽ പുതുതായി നടപ്പാക്കുന്ന പദ്ധതികൾ

47 (93) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ഇൻഫോ പാർക്കിൽ പുതുതായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) ഇതിനായി ആഗോള ടെണ്ടർ വിളിച്ചുവോ എങ്കിൽ എന്ന് ;

(സി) പദ്ധതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട്-പുത്തൻകുരിശ് വില്ലേജിൽ 160 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 125 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു.

(ബി) രണ്ടാം ഘട്ട വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു ആഗോള ടെണ്ടർ 27-4-2010-ൽ വിളിച്ചിരുന്നു.

(സി) രണ്ടാം ഘട്ട വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി M/s.Cannon Design International Pvt.Ltd., Mumbai, (a subsidiary of Cannon Design Inc. USA) യെ ഏൽപ്പിച്ചുകഴിഞ്ഞു. പ്രാരംഭ conceptual

LIBRARY ARCHIVES Kerala Legislative Assembly

master plan തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ പുരോഗതിയിലാണ്. Conceptual master plan ഡിസംബർ 2010 അവസാനത്തോടെ തയ്യാറാകുമെന്ന് കരുതുന്നു. മാസ്റ്റർ പ്ലാൻ പ്രത്യേക സാമ്പത്തിക മേഖലയായി അംഗീകരിച്ചുള്ള പ്രദേശത്തിന്റേയും അല്ലാത്തെയുള്ള പ്രദേശത്തിന്റേയും വികസനങ്ങൾ ഉൾപ്പെടുത്താനും ഐ.ടി. മന്ദിരങ്ങൾക്കുള്ള പ്രദേശം കൂടാതെ സബ് സ്റ്റേഷൻ, STP, റോഡുകൾ, കായിക വിനോദത്തിനുള്ള സൗകര്യങ്ങൾ, കൺവെൻഷൻ സെന്റർ, ഷോപ്പിംഗ്, കൊമേർഷ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതിയുമായി അങ്ങേയറ്റം ഇണങ്ങുന്ന തരത്തിലുള്ള പ്ലാനാണ് തയ്യാറാവുന്നത്. 4,00,000 ചതുരശ്ര അടി ഐ.ടി. ബിൽഡിംഗ്, 220 KV substation, water treatment plant/sewage treatment plant, റോഡുകൾ തുടങ്ങിയവ ഉൾപ്പെട്ട ഒന്നാംഘട്ടം 2012-ൽ പൂർത്തീകരിക്കുമെന്ന് കരുതുന്നു.

ഐ. ടി. മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ

48 (94) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ടി. മേഖലയിൽ ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഐ. ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പുതുതായി എത്ര ഐ. ടി. പാർക്കുകൾ ആരംഭിച്ചു എന്നും ; ഏതെല്ലാം ഐ. ടി. പാർക്കുകളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നുവരുന്നത് എന്നും വെളിപ്പെടുത്തുമോ ;

(ഡി) ഐ. ടി മേഖലയിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ഇ) ഐ. ടി കയറ്റുമതിയിൽ എന്തുമാത്രം നേട്ടം ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly